പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IX

# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-16)

2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്

(Presented on 8th June, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി IX

# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

## അഞ്ചാമത് റിപ്പോർട്ട്

## (2015-16)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2015-16)

439/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | viii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (2013-2016)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ. കെ. സി. ജോസഫ്,

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ :</u>

ശ്രീ. മഞ്ഞളാംകുഴി അലി,

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

ശ്രീ. കെ. എം. മാണി,

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീ. കെ. അച്ചുതൻ, എം.എൽ.എ.

ശ്രീ. സി. മമ്മൂട്ടി, എം.എൽ.എ.

ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.

ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം.എൽ.എ.

ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

,, എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

# അവതാരിക

2015-2016 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ പരിധിയിൽ ഉൾപ്പെടുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2015 ഏപ്രിൽ 20, 29 എന്നീ തീയതികളിൽ സമിതിയോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിച്ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ചുവടെ ചേർത്ത ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു :

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ XXI | —ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXII | —നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXVIII | —പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXV | —പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ XXXVI | —ഗ്രാമവികസനം |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2015 മേയ് 13-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2015 മേയ് 13.

# റിപ്പോർട്ട്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകൾ 2015 ഏപ്രിൽ 20, 29 തീയതികളിൽ യോഗം ചേർന്ന് സമിതി സസൂക്ഷ്മം പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും ഉദ്യോഗസ്ഥരിൽനിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു :

## ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

വോട്ട് ചെയ്തത് : 140,46,60,000 രൂപ

ചാർജ് ചെയ്തത് : 2,00,000 രൂപ

2216-80-103-99—സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

(01)—സഹായധനം

വിഹിതം—74,91,000 രൂപ (നോൺ പ്ലാൻ)

1. ദുർബല വിഭാഗ പാർപ്പിട പദ്ധതി നടപ്പിലാക്കിയതുവഴിയുള്ള കമ്മി നികത്തുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 1,25,09,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വിഹിതം—18,00,000 രൂപ (നോൺ പ്ലാൻ)

2. വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള ഭവനനിർമ്മാണ പദ്ധതിക്കായി സർക്കാർ സബ്സിഡി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനനുസരിച്ചും ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 32,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(37)—ഗൃഹശ്രീ—സബ്സിഡി

വിഹിതം—10,81,00,000 രൂപ (പ്ലാൻ)

3. 2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനമനുസരിച്ച്, 1500 വീടുകൾക്ക് പദ്ധതി നടപ്പിലാക്കേണ്ടതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല ആയതിനാൽ 19,19,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(38)—ട്രെയിനിംഗ് പ്ലാൻ

വിഹിതം—50,00,000 രൂപ

4. 2014-15 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ 40 ലക്ഷം രൂപ റിലീസ് ചെയ്ത് ലഭിക്കാത്തതിനാൽ ഈ ശീർഷകത്തിലേക്ക് പ്രസ്തുത തുക (40,00,000 രൂപ) കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-190-99—പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് വീട് വയ്ക്കാൻ വായ്പ

വിഹിതം—ഇല്ല

5. പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പലിശ സബ്സിഡി നൽകുന്നതിനുവേണ്ടി 52,64,000 രൂപ 2216-80-190-99 എന്ന ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-800-85—കോഴിക്കോട് ജില്ലയിലെ ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫ്ലാറ്റ് നിർമ്മാണം

വിഹിതം—ഇല്ല

6. ഈ പദ്ധതി നടത്തിപ്പിലേക്കായി 2216-80-800-85 എന്ന ശീർഷകത്തിൽ 21,08,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-02-80-103-99-38—കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കട്ടപ്പന

വിഹിതം—ഇല്ല

7. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്ക് 10,00,000 രൂപ മേൽ ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98—നിർമ്മാണം

(04)-16—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി—വൻകിട മരാമത്ത് പണികൾ

വിഹിതം—ഇല്ല

8. ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേക്കായി നടപ്പുവർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 21,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

വിഹിതം—11,00,00,000 രൂപ (പ്ലാൻ)

3,00,00,000 രൂപ (നോൺ പ്ലാൻ)

9. 2015-16 സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ കോർപ്പറേഷൻ സമർപ്പിച്ചിരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോർപ്പറേഷന് പ്ലാൻ ഇനത്തിൽ 42,00,00,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 15,32,13,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് "വായ്പ" ശീർഷകത്തിലാണ് ബജറ്റിൽ തുക വകയിരുത്തുന്നതും സർക്കാരിൽ നിന്നും തുക റിലീസ് ചെയ്യുന്നതും. ഇപ്രകാരം വായ്പ ഹെഡിൽ തുക വകയിരുത്തുന്നതുമൂലം കോർപ്പറേഷന് വായ്പത്തുക മുതലും പലിശയുമായി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സമ്പാദിക്കുന്നില്ല. കോർപ്പറേഷന്റെ ദൈനംദിന ചെലവും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷൻ സ്വരൂപിക്കുന്ന സൂപ്പർവിഷൻ ചാർജ് എന്ന ഫണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നതെന്നും സർക്കാർ അനുവദിക്കുന്ന വായ്പാത്തുക ഉപയോഗിച്ച് ആസൂത്രണ ബോർഡ് അംഗീകരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോലീസ് വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നതെന്നും ഇപ്രകാരം പോലീസ് വകുപ്പിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കുന്നതിന് കോർപ്പറേഷൻ മുതലും പലിശയും ഗഡുക്കൾ ആയി തിരികെ ഒടുക്കണമെന്നുള്ള സർക്കാർ ഉത്തരവ്, കോർപ്പറേഷന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്നതാണെന്നും സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ <u>കോർപ്പറേഷന് നിലവിൽ "ലോൺ" ശീർഷകത്തിൽ വകയിരുത്തുന്ന തുക പുതിയ ശീർഷകത്തിൽ ഗ്രാന്റായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

6216-80-201-95—<u>സാന്ത്വനം വാടകവീട് ഭവന പദ്ധതി</u>

വിഹിതം—7,50,00,000 രൂപ

11. <u>44 യൂണിറ്റുകളുടെ പൂർത്തീകരണ പ്രവർത്തനങ്ങൾക്കായി 1,50,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6216-80-201-96—<u>ഹരിപ്പാട് റവന്യൂ ടവർ നിർമ്മാണം</u>

വിഹിതം—ഇല്ല

12. <u>പദ്ധതി ചെലവായ 1992 ലക്ഷം രൂപയിൽ സർക്കാരിൽ നിന്നും 1,84,70,000 രൂപ ലഭിക്കാൻ ബാക്കിയുണ്ട്. ആയതിനാൽ ഇതിലേക്ക് 1,85,00,000 രൂപ മേൽ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

6216-80-201-98—<u>സർക്കാർ ഉദ്യോഗസ്ഥകൾക്കുള്ള ഹോസ്റ്റൽ</u> (75% കേന്ദ്രവിഹിതം)

വിഹിതം—3,00,00,000 രൂപ (സംസ്ഥാന സർക്കാർ വിഹിതം)

—6,00,00,000 രൂപ (കേന്ദ്ര സർക്കാർ വിഹിതം)

ആകെ —9,00,00,000 രൂപ

13. സർക്കാർ ഉദ്യോഗസ്ഥകൾക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന്റെ ആകെ ചെലവായ 12 കോടിയിൽ സംസ്ഥാന സർക്കാരിന്റെ 25% വിഹിതമായ 3 കോടി രൂപയും

വകയിരുത്തിയിട്ടുള്ളതിനാൽ കേന്ദ്ര സർക്കാരിന്റെ 75% വിഹിതമായ 9 കോടി രൂപയിൽ ശേഷിക്കുന്ന 3,00,00,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6216-80-201-99—കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

വിഹിതം—ഇല്ല

14. ബോർഡിന് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി പ്രവർത്തന മൂലധനമായി 50,00,00,000 രൂപ മേൽ ശീർഷകത്തിലെ (06) എന്ന ഇനം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഒ.റ്റി.എസ്. ആനുകൂല്യം (നോൺ പ്ലാൻ)

15. ദുർബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഒ.റ്റി.എസ്. ആനുകൂല്യം നൽകിയ ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ 168,76,63,000 രൂപ ബജറ്റ് വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൽപ്പറ്റ ഭവന പദ്ധതി (നോൺ പ്ലാൻ)

16. കൽപ്പറ്റ ഭവന പദ്ധതി പ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വീടുകളുടെയും ഭൂമിയുടെയും വില സർക്കാരിൽ നിന്നും ലഭിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 1,90,53,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ലോൺ എഴുതിത്തള്ളിയതിൽ ബാക്കി ലഭിക്കാനുള്ളത് (നോൺ പ്ലാൻ)

17. വിവിധ ലോണുകൾ എഴുതിത്തള്ളിയ വകയിൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ള 7,12,40,000 രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മട്ടന്നൂർ റവന്യൂ ടവർ പദ്ധതി

18. മട്ടന്നൂർ റവന്യൂ ടവർ പദ്ധതിയുടെ നടത്തിപ്പിലേക്കായി 10,00,00,000 രൂപ റവന്യൂ വിഹിതമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മൾട്ടിലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന്—റവന്യൂ ടവർ എറണാകുളം (നോൺ പ്ലാൻ)

6216 (പുതിയ ശീർഷകം)

19. എറണാകുളത്ത് മൾട്ടിലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 15,00,00,000 രൂപ മേൽ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം

20. വായ്പാതുക അടച്ചുതീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്തവർക്ക് പ്രമാണം തിരികെ നൽകുന്നതിലേക്കായി 7,50,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവരുടെയും മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുമായ തികച്ചും നിരാലംബരുടെയും ഭവന വായ്പ ഇനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി</u>

21. <u>ഭവന വായ്പയെടുത്തിട്ട് മരണപ്പെടുകയോ മാരകരോഗം ബാധിക്കുകയോ ചെയ്യുവരുടെ ഭവനം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പാ പദ്ധതി</u>

22. <u>മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പ എഴുതിത്തള്ളിയതുവഴി സംഘത്തിനുണ്ടായ ബാദ്ധ്യത ലഘൂകരിക്കുന്നതിന് 7,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

വോട്ട് ചെയ്യുന്നത് : 939,19,60,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2217-05-001-65—ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ

വിഹിതം—18,65,32,000 രൂപ (നോൺ പ്ലാൻ)

23. ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വിവിധ ആവശ്യങ്ങൾക്കായി നോൺ പ്ലാനിൽ അനുവദിച്ച ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുൻവർഷം കുടിശ്ശികയായ മെഡിക്കൽ ക്ലെയിമുകൾ ഉൾപ്പെടെ നൽകുന്ന ചെലവുകൾക്കായി <u>01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 4,00,000 രൂപയും 04-4—അവധി യാത്രാനുകൂല്യം, 21-2—മോട്ടോർ വാഹനങ്ങൾ—അറ്റകുറ്റപ്പണികൾ, 45—പി.ഒ.എൽ. എന്നീ ഇനങ്ങളിൽ 2,00,000 രൂപ വീതവും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

24. കൂടാതെ കാസർഗോഡ്, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലാ ആഫീസുകൾ ഡി.പി.സി. സെക്രട്ടേറിയറ്റിന്റെ കെട്ടിടത്തിലേക്ക് മാറ്റിയതിനെ തുടർന്ന് ആവശ്യമായ പാർട്ടീഷൻ/ഫർണിഷിംഗ് ജോലികൾക്കും പാലക്കാട് ജില്ലാ ആഫീസ് നടപ്പുവർഷം ഡി.പി.സി. സെക്രട്ടേറിയറ്റ് കെട്ടിടത്തിലേക്ക് മാറ്റേണ്ടതുള്ളതിനാലും ഓഫീസ് ഒന്നിന് 5 ലക്ഷം രൂപ വച്ച് 4 ഓഫീസുകൾക്ക് 20 ലക്ഷം രൂപയും വാഹനം ഇല്ലാത്ത ജില്ലാ ആഫീസുകൾക്ക്, പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഉള്ളതുകൊണ്ട്

വാടകയ്ക്ക് കാർ ഉപയോഗിക്കേണ്ടിവരുന്നതിനാൽ ആയതിലേക്ക് പ്രതിമാസം 30,000 രൂപ നിരക്കിൽ 9 ഓഫീസുകൾക്ക് 32.40 ലക്ഷം രൂപയും ആവശ്യമുള്ളതായി സമിതിയിൽ വെളിപ്പെടുത്തി. ആയതിനാൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് 05-4—ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ എന്ന ഇനത്തിൽ ആകെ 52,40,000 രൂപ (20,00,000 + 32,40,000) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. വകുപ്പിന്റെ കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന 6 ജില്ലാ ഓഫീസുകളുടെ വാടകയിനത്തിലും മറ്റു ഓഫീസുകൾക്കുള്ള കെട്ടിട നികുതി ഇനത്തിലും കൂടി 2015-16 വർഷം 17.85 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായും കൂടാതെ വാടക കുടിശ്ശിക ഇനത്തിൽ 4 ജില്ലാ ആഫീസുകൾക്ക് 19.37 ലക്ഷം രൂപ നൽകുവാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 06—വാടക, കരം, നികുതി എന്ന ഇനത്തിൽ ബജറ്റ് വിഹിതമായ 10 ലക്ഷം രൂപയ്ക്ക് പുറമെ 27,22,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-05-001-99—മുഖ്യ നഗരാസൂത്രകന്റെ ഓഫീസ്

വിഹിതം—3,78,95,000 രൂപ (നോൺ പ്ലാൻ)

26. മുഖ്യ നഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി നോൺ പ്ലാനിൽ അനുവദിച്ചിരുന്ന ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്—1,00,000 രൂപ, 04-4—അവധി യാത്രാനുകൂല്യം—2,00,000 രൂപ, 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും—1,00,000 രൂപ, 45—പി.ഒ.എൽ.—50,000 രൂപ എന്നിങ്ങനെ ഓരോ ഇനത്തിലും ചേർത്ത് ആകെ 4,50,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-91-10—മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള സംഭാവന

വിഹിതം—1,000 രൂപ (നോൺ പ്ലാൻ)

27. നഗരസഭയിലെ റഗുലർ വിഭാഗത്തിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ അലോട്ട്മെന്റ് അനുവദിക്കുന്നതിനായി 150 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കി 149,99,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-96—നഗരസഭ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ പദ്ധതി

വിഹിതം—1,000 രൂപ

28. നഗരസഭകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷനും പെൻഷനാനുകൂല്യങ്ങളും നൽകുന്നതിനായി 100 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടതിൽ ബജറ്റ് വിഹിതമായി 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതം കിഴിച്ച് ബാക്കി 99,99,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-83—എല്ലാ ജില്ലകളിലേയും പ്രാദേശിക വികസന പദ്ധതി തയ്യാറാക്കലും സംയോജിത ജില്ലാ വികസന പദ്ധതി തയ്യാറാക്കലും

വിഹിതം—ഇല്ല

29. എല്ലാ ജില്ലകളിലേയും പ്രാദേശിക വികസന പദ്ധതി തയ്യാറാക്കലിനും സംയോജിത ജില്ലാ വികസന പദ്ധതി തയ്യാറാക്കലിനും 1-2-2007-ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആവശ്യത്തിന് 2006-07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകത്തിൽ ആദ്യമായി തുക അനുവദിക്കുകയും ആയത് 2014-15 സാമ്പത്തിക വർഷംവരെ തുടരുകയും ചെയ്തു. ഒന്നാം ഘട്ടത്തിൽ ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനം പിന്നീട് കോഴിക്കോട് ജില്ലയിലേക്കുകൂടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നും മേൽ പദ്ധതിയുടെ പ്രവർത്തനവും, കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രാദേശിക വികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുകയാണ് എന്നും സമിതിയിൽ ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. പ്രസ്തുത ആവശ്യത്തിന് 2015-16 വർഷത്തിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 25,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

ശാസ്ത്രീയമായ നടവഴികളും നടപ്പാതകളും റോഡ് ക്രോസിംഗുകളും

30. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരത്തും കോഴിക്കോട്ടും കൊച്ചിയിലും കാൽനടക്കാർക്കും മുതിർന്ന പൗരൻമാർക്കും മെച്ചപ്പെട്ട റോഡ് ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള ഈ പ്രത്യേക പദ്ധതിക്കായി പുതിയ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

31. നമ്മുടെ രാജ്യം പൂർണ്ണമായും ശുചിത്വമാകണമെന്നും പൗരൻമാർക്ക് ആരോഗ്യപ്രദമായ അന്തരീക്ഷത്തിൽ ജീവിക്കാൻ സാധിക്കണമെന്നുമുള്ള ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേന്ദ്ര പദ്ധതിയാണ് സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി. പദ്ധതികളുടെ പൂർത്തീകരണത്തിനായി നിലവിലെ മാർഗ്ഗരേഖയ്ക്കുവിധേയമായി കേന്ദ്ര സംസ്ഥാന

സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ ഈ സ്കീമിന്റെ ചെലവ് വഹിക്കുന്നു. 2014-15 വർഷം കേന്ദ്രസഹായമായി 19.18 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും എന്നാൽ ഇതിന് പ്രത്യേക ശീർഷകം തുറക്കാത്തതിനാൽ ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ മാറിയെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്ക് പുതിയ ശീർഷകം അനുവദിച്ച് 2014-15 വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതവും 2015-16 വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതവും ചേർത്ത് ആകെ കേന്ദ്ര വിഹിതം 140,85,00,000 രൂപ, സംസ്ഥാന വിഹിതം 46,95,00,000 രൂപ എന്നിങ്ങനെ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-03-800-97—വള്ളുവനാട് വികസന അതോറിറ്റി

32. വള്ളുവനാട് വികസന അതോറിറ്റിക്ക് 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പാർട്ട്ണർ കേരള മിഷൻ

33. പാർട്ട്ണർ കേരള മിഷൻ പദ്ധതിയുടെ നടത്തിപ്പിലേക്കായി നഗരവികസന വകുപ്പിന് 1,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ.യു.ആർ.ഡി.എഫ്.സി. ഭവന പദ്ധതി

34. നഗരസഭയിലെ വരുമാനം കുറഞ്ഞ ജീവനക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ കൊടുക്കുന്നതിനായി ആരംഭിച്ച ഈ പദ്ധതിയുടെ നടത്തിപ്പിലേക്ക് 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

വോട്ട് ചെയ്യുന്നത് : 888,13,42,000 രൂപ

ചാർജ് ചെയ്യുന്നത് : ഇല്ല

2515-00-001-97—ജില്ലാ ഭരണം

04-1—യാത്രാബത്ത

വിഹിതം—50,00,000 രൂപ (നോൺ പ്ലാൻ)

35. 14 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, 14 പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവരുടെയും 66 പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെയും യാത്രാ ചെലവുകൾക്കായി യാത്രാബത്തയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 30,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-63—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ

വിഹിതം—61,28,000 രൂപ (നോൺ പ്ലാൻ)

36. ഈ ശീർഷകത്തിൻ കീഴിൽ യാത്രാബത്ത, വാടക, കരം, നികുതി, വിവര സാങ്കേതികവിദ്യ എന്നീ കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല ആയതിനാൽ 04-1—യാത്രാബത്ത ഇനത്തിൽ 1,00,000 രൂപയും 06—കരം, വാടക, നികുതി ഇനത്തിൽ 40,000 രൂപയും 99—വിവരസാങ്കേതികവിദ്യ ഇനത്തിൽ 1,00,000 രൂപയും ചേർത്ത് ആകെ 2,40,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-001-101-64—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ

വിഹിതം—1,47,30,000 രൂപ (നോൺ പ്ലാൻ)

37. 2015-16 സാമ്പത്തിക വർഷത്തേക്ക് ഈ ശീർഷകത്തിൻ കീഴിൽ താഴെ പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 3,00,000 രൂപയും 06—വാടക, കരം, നികുതി ഇനത്തിൽ 3,00,000 രൂപയും ചേർത്ത് ആകെ 6,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-68—ശുചിത്വകേരളം

വിഹിതം—26,00,00,000 രൂപ (പ്ലാൻ)

38. നടപ്പുവർഷം ബജറ്റ് വിഹിതമായി 26 കോടി രൂപയാണ് ശുചിത്വമിഷന് അനുവദിച്ചിട്ടുള്ളത്. മഴയ്ക്ക് മുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 8.68 കോടി രൂപയും പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിനായി 20 കോടി രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്ക് ഈ ശീർഷകത്തിൽ 28,68,00,000 കോടി രൂപ (8,68,00,000 രൂപ + 20,00,00,000 രൂപ) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. കൂടാതെ, ശുചിത്വമിഷന് ഭരണപരമായ ചെലവിനായി 1,00,00,000 രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2515-00-196-39—ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

വിഹിതം—7,18,00,000 രൂപ

40. ഗ്രാമപ്രദേശങ്ങളിൽ വിവിധ മേഖലകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ കൃഷി-ഗ്രാമവികസന ബാങ്കിന്റെ (നബാർഡ്)

സഹായത്തോടെ ആരംഭിച്ച പദ്ധതിയാണ് 'ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി' അഥവാ ആർ.ഐ.ഡി.എഫ്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്ക് നടപ്പുസാമ്പത്തിക വർഷം 27,18,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതമായ 7.18 കോടി രൂപയ്ക്കു പുറമെ 20,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-86—ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം (ഇൻഫർമേഷൻ കേരള മിഷൻ)

99—വിവരസാങ്കേതികവിദ്യ

വിഹിതം—8,00,00,000 രൂപ (പ്ലാൻ)

41. 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശ പ്രകാരം ഇൻഫർമേഷൻ കേരള മിഷന് (ഐ.കെ.എം.) 8,00,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഐ.ടി. ആവശ്യങ്ങൾക്ക് ഐ.കെ.എമ്മിൽ ഏൽപ്പിച്ചിരുന്ന തുകയിൽ നിന്നും വിനിയോഗിച്ച 711.35 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾക്കായി തിരികെ വിനിയോഗിക്കണമെന്നുള്ളതിനാലും കൂടാതെ ഐ.കെ.എമ്മിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത വിവരങ്ങൾ ഉയർന്ന വേഗതയിൽ ലഭ്യമാക്കുന്നതിനുവേണ്ടി നാല് സെർവറുകൾ വാങ്ങിയ ഇനത്തിലും, ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ശക്തിപ്പെടുത്തൽ, സ്വരാജ് ഭവനിലെ പുതിയ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ഇനത്തിൽ 8,92,35,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-98—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള സംസ്ഥാന ധനസഹായം (പ്ലാൻ)

കേന്ദ്ര വിഹിതം—152,00,00,000 രൂപ

സംസ്ഥാന വിഹിതം—79,46,99,000 രൂപ

42. പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായമായി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമേ 38,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

വോട്ട് ചെയ്തത് : 2456,54,46,000 രൂപ

ചാർജ് ചെയ്തത് : 12,000 രൂപ

2515-00-001-48—ബ്ലോക്കുകളുടെ ഭരണം വിപുലീകരിക്കുന്നതിന്

വിഹിതം—12,52,05,000 രൂപ

43. ഈ ശീർഷകത്തിൻ കീഴിലെ 04-1, 04-2 ഇനങ്ങളിൽ 2013-14 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശിക ക്ലെയിമുകൾ തീർപ്പാക്കുന്നതിലേക്ക് യഥാക്രമം 10 ലക്ഷം രൂപയും 3 ലക്ഷം രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ ബജറ്റ് വിഹിതം ഇതിന് പര്യാപ്തമല്ലാത്തതിനാൽ 04-1—യാത്രാബത്ത ഇനത്തിൽ 10 ലക്ഷം രൂപയും 04-2—സ്ഥലമാറ്റബത്ത ഇനത്തിൽ 3 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-49—എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥൻമാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

വിഹിതം—163,95,11,000 രൂപ (നോൺ പ്ലാൻ)

44. എൻ.ഇ.എസ്. മാതൃകയിലുള്ള 144 ബ്ലോക്കുകളിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, ബി.ഡി.ഒ. തുടങ്ങിയ ഉദ്യോഗസ്ഥൻമാരെ നിലനിർത്തുന്നതിനുള്ള ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ പരിപാലനം, ഇന്ധന ചെലവ് തുടങ്ങിയ ആവർത്തന ചെലവുകൾക്കാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. ഈ ശീർഷകത്തിലെ 04-1—യാത്രാബത്ത, 04-2—സ്ഥലമാറ്റബത്ത എന്നീ ഇനങ്ങളിൽ 2013-14 സാമ്പത്തിക വർഷം മുതലുള്ള പെൻഡിംഗ് ക്ലെയിമുകൾ തീർപ്പാക്കുന്നതിലേക്ക് യഥാക്രമം 30 ലക്ഷം രൂപയും 10 ലക്ഷം രൂപയും ആവശ്യമായതിനാൽ ഈ ഇനങ്ങളിൽ നടപ്പു വർഷത്തേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കുടിശ്ശികകൾ തീർക്കുന്നതിലേക്ക് ഈ ശീർഷകത്തിൽ 40,00,000 രൂപ (30 ലക്ഷം + 10 ലക്ഷം) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-50—ഗ്രാമവികസന പരിപാടികളുടെ മേൽനോട്ടം

വിഹിതം—7,21,97,000 രൂപ (നോൺ പ്ലാൻ)

45. ഈ ശീർഷകത്തിലെ 34—മറ്റ് ചെലവുകൾ എന്ന ഇനത്തിൽ നടപ്പു സാമ്പത്തിക വർഷത്തേക്ക് 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഫർണിച്ചർ, കമ്പ്യൂട്ടർ ടേബിൾ തുടങ്ങിയവ വാങ്ങുന്നതിലേക്ക് 5,00,000 രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 34—മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-003-50—ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ (ഇ.റ്റി.സി.)

വിഹിതം—5,18,29,000 രൂപ (നോൺ പ്ലാൻ)

46. ഗ്രാമവികസന വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ തുടങ്ങിയവർക്ക് സാങ്കേതികവും ഭരണപരവുമായ ശേഷി വർദ്ധനവിനുതകുന്ന തരത്തിൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് വകുപ്പിന് കീഴിൽ കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവിടങ്ങളിൽ ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചത്. ഈ പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് കെട്ടിടനികുതി ഇനത്തിൽ 5,00,000 രൂപയുടെ കടിശ്ശികയുള്ളത് തീർപ്പാക്കുന്നതിലേക്ക് 06—വാടക, കരം, നികുതി എന്ന ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതമായ 1,000 രൂപയ്ക്കു പുറമേ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-42—പട്ടുനൂൽ കൃഷി വികസന പദ്ധതി

വിഹിതം—1,000 രൂപ (പ്ലാൻ)

47. മൾബറി കൃഷിക്കും പട്ടുനൂൽപ്പുഴു വളർത്തലിനും വേണ്ട അടിസ്ഥാന സജ്ജീകരണങ്ങൾ ചെയ്യുവാൻ കർഷകരെ പ്രാപ്തരാക്കുകയും ശാസ്ത്രീയമായ കൃഷിരീതികളിലൂടെ പരമാവധി കൊക്കൂൺ ഉത്പാദനം ഉറപ്പുവരുത്തുകയും അതുവഴി ഗ്രാമീണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. കേന്ദ്ര സംസ്ഥാന സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പട്ടുനൂൽ കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി നടപ്പുവർഷം സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് വെറും 1,000 രൂപയാണ്. പദ്ധതി നടത്തിപ്പിലേക്ക് ആനുപാതികമായ കേന്ദ്ര വിഹിതം ലഭിക്കുന്നതിനുവേണ്ടി മേൽ ശീർഷകത്തിൽ 1,93,76,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-83—മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ഉപകരണ സംഘടന

വിഹിതം—42,91,000 രൂപ (നോൺ പ്ലാൻ)

48. ഗ്രാമവികസന വകുപ്പിന്റെ വാഹന അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ സ്പെയറുകൾ നൽകുന്നതിനുവേണ്ടി എറണാകുളം അസിസ്റ്റന്റ് കമ്മീഷണറുടെ ഭരണ നിയന്ത്രണത്തിലും ഫോർമാന്റെ സാങ്കേതിക മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനമാണ് മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ഉപകരണ സംഘടന. ഈ സംഘടനയ്ക്ക് കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ General Transport & Equipments Organization-ന് കുടിശ്ശികയായ 46,200 രൂപ നൽകുന്നതിലേക്ക് 06—വാടക, കരം, നികുതി എന്ന ഇനത്തിൽ നിലവിലെ വിഹിതമായ 1,000 രൂപയ്ക്കു പുറമെ 47,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2015 മേയ് 13.